നാവായിക്കുളം പഞ്ചായത്തിലെ റോഡുകളുടെ മെയിൻറനൻസ്

801 [969] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ നാവായിക്കുളം പഞ്ചായത്തിലെ പഞ്ചായത്ത് റോഡുകളുടെ മെയിൻറനൻസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലെ റോഡുകളുടെ മെയിൻറനൻസിനുവേണ്ടി എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര പഞ്ചായത്ത് റോഡുകളുടെ പണിയാണ് നടത്തേണ്ടതായിട്ടുള്ളത എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പഞ്ചായത്തിന്റെ ധനസ്ഥിതി അനുസരിച്ച് പുനരുദ്ധാരണ പണികൾ കഴിവതും വേഗം ചെയ്യുന്നതാണ്.

(സി) പഞ്ചായത്ത് ബഡ്ജറ്റിൽ 75,000 രൂപ പുനരുദ്ധാരണ പണികൾക്കായി നീക്കിവച്ചിട്ടുണ്ട്.

(ഡി) 137 എണ്ണം.

മടവൂർ പഞ്ചായത്ത് റോഡുകളുടെ മെയിൻറനൻസ്

802 [970] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ മടവൂർ പഞ്ചായത്ത് റോഡുകളുടെ മെയിൻറനൻസ് ജോലികൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തിൽ പ്രസ്തുത പഞ്ചായത്തിലെ റോഡിന്റെ മെയിൻറനൻസിനുവേണ്ടി എന്ത് തുക നീക്കിവച്ചിട്ടുണ്ട്;

(ഡി) ഇനി എത്ര റോഡുകളുടെ പണി കൂടി നടത്താനുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly